2025
ഫെബ്രുവരി
21

ജ്ഞാനോദയം
യു പി സ്കൂൾ, ചിറ്റണ്ട

# ജ്വാല

2024- 25



മികവിന്റെ വിദ്യാലയം



നമ്മുടെ നാടിന്റെ വിദ്യാഭ്യാസ സങ്കൽപ്പങ്ങളുടെ മൂർത്തരൂപമായ ജ്ഞാനോദയം യുപി സ്കൂൾ 1954 ൽ തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ ചിറ്റണ്ടയിൽ സ്ഥാപിതമായി. ഒരു നാടിന്റെ ഒത്തൊരുമിച്ചുള്ള ശ്രമം സംസ്ഥാനത്ത് തന്നെ വായനശാലക്ക് കീഴിലുള്ള ഏക വിദ്യാലയമാക്കി. തലമുറകൾക്ക് അറിവിന്റെയും നിറവിന്റെയും വെളിച്ചം പകർന്നുകൊണ്ട് കെടാ വിളക്കായി നിലകൊള്ളുന്നു.

ചിറ്റണ്ട യുവജനസംഘം വായനശാല കമ്മറ്റിയുടെ നേതൃത്വത്തിലുള്ള മാനേജ്മെന്റ് കമ്മറ്റി, പിടിഎ, ഒഎസ്എ അംഗങ്ങൾ, നാട്ടുകാർ, പൂർവ്വ വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഒരു അടയാളമാണ് ഈ വിദ്യാലയം.

## ആശംസകൾ...



പ്രിയപ്പെട്ടവരെ,

70 വർഷം പിന്നിട്ടിട്ടും പതിനാറിന്റെ ചുറുചുറുക്കോടെ മുന്നോട്ടു കുതിക്കുന്ന നമ്മുടെ ജ്ഞാനോദയം യുപി സ്കൂൾ ചിറ്റണ്ടയുടെ ഭാഗമാകാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു. വിദ്യാലയത്തിന്റെ മികവുകളുയർത്തിക്കാട്ടുന്ന സ്കൂൾ പത്രമാണിത്. കഴിഞ്ഞ ഒരു വർഷക്കാലത്തെ പ്രവർത്തനങ്ങൾ ഇതിൽ ചുരുക്കി നൽകിയിരിക്കുന്നു. ഇനിയും വരും വർഷങ്ങളിൽ നമ്മുടെ നാടിന്റെ അഭിമാനമായി മാറുവാൻ ഈ വിദ്യാലയത്തിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ശ്രീമതി പി പി ലാലി,
ഹെഡ്മിസ്ട്രസ്, ജ്ഞാനോദയം
യു പി സ്കൂൾ



സ്നേഹം നിറഞ്ഞവരെ,

ജ്ഞാനോദയം യുപി സ്കൂൾ വളർച്ചയുടെ പടവുകൾ കയറുകയാണ്. മികവിൽ നിന്നും മികവിലേക്ക് എന്ന ലക്ഷ്യത്തെ മുൻനിർത്തി ഊർജ്ജസ്വലതയോടെ മുന്നേറുന്ന നമ്മുടെ വിദ്യാലയം ഭാവിയിൽ ഹൈസ്കൂളായി മാറും എന്ന് പ്രതീക്ഷിക്കാം. ഈ സ്കൂളിന്റെ വിവിധ പ്രവർത്തനങ്ങളും നേട്ടങ്ങളും പൊതു ജനങ്ങളിലേക്ക് എത്തിക്കുന്ന ഈ പത്രം, വിദ്യാലയത്തിന്റെ പുരോഗതിയുടെയും സമഗ്രമായ വളർച്ചയുടെയും ഭേരിയാവട്ടെ എന്ന് ആശംസിക്കുന്നു.

ശ്രീ എസ് ബസന്ത് ലാൽ
മാനേജർ, ജ്ഞാനോദയം യു പി സ്കൂൾ
& പ്രസിഡന്റ്,
എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്



പ്രിയരെ,

ജ്ഞാനോദയം യുപി സ്കൂൾ പുതിയ ഉയരങ്ങൾ താണ്ടുകയാണ്. പുതിയ കാലത്തിന്റെ സാധ്യതകൾ മനസ്സിലാക്കിക്കൊണ്ട് അതിവേഗം മുന്നേറുന്ന ഈ വിദ്യാലയത്തിനൊപ്പം സഞ്ചരിക്കാൻ സാധിച്ചതിൽ ഞാൻ അഭിമാനിക്കുന്നു. മികവുകളുടെ പ്രദർശനമായ ഈ സ്കൂൾ പത്രത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

ശ്രീ കെ കെ ജേക്കബ്
പിടിഎ പ്രസിഡന്റ്

## എന്തുകൊണ്ട് ജ്ഞാനോദയം സ്കൂൾ ?

മികച്ച സ്കൂൾ അന്തരീക്ഷവും പഠനപ്രവർത്തനങ്ങളും കൊണ്ട് സബ് ജില്ലയിലെതന്നെ വേറിട്ട ശബ്ദമായി മാറുകയാണ് ജ്ഞാനോദയം യുപി സ്കൂൾ ചിറ്റണ്ട. ശാസ്ത്രീയവും സമഗ്രവുമായ വിദ്യാഭ്യാസ സമീപനം പഠനത്തെ അതിന്റെ ലക്ഷ്യത്തിലേക്ക് എത്തിക്കുന്നു.

### ഒറ്റ നോട്ടത്തിൽ

- മികച്ച പാഠ്യപദ്ധതി
- ഒരു കുട്ടിക്ക് ഒരു കമ്പ്യൂട്ടറെന്ന നിലയിൽ ഹൈടെക് ലാബ്
- സ്മാർട്ട് ക്ലാസ്റൂമുകൾ
- പഠിക്കുന്ന കാര്യങ്ങൾ കണ്ടും കേട്ടും അറിയാൻ വാൾ പ്രൊജക്ടറുകൾ
- മികച്ച ലൈബ്രറി
- കുട്ടികളിലെ കഴിവുകൾ പരിപോഷിപ്പിക്കാൻ വിവിധതരം ക്ലബ്ബുകൾ
- കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി ബോധവത്കരണ ചർച്ചാ ക്ലാസുകൾ
- കരാട്ടെ, യോഗ, നൃത്തം, ചിത്രരചന ക്ലാസുകൾ
- 2025 ജൂൺ മുതൽ സ്കൂൾ ബാന്റ്
- വിവിധതരം സ്കോളർഷിപ്പുകൾ
- LSS-USS പ്രത്യേക പരിശീലനം
- കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസുകൾ
- സൗജന്യ യൂണിഫോം
- സ്കൂൾ ബസ്
- മികച്ച അധ്യാപകർ



മക്കളുടെ സുരക്ഷിത യാത്രക്ക്
വിവിധ പ്രദേശങ്ങളിലേക്ക് സ്കൂൾ ബസ്



വ്യത്യസ്തമായ പഠന പ്രവർത്തനങ്ങൾ, കലാപ്രവർത്തനങ്ങൾ, ആകർഷകമായ ക്ലാസ് റൂം അന്തരീക്ഷം എന്നിവ കൊണ്ട് പ്രീ പ്രൈമറി ക്ലാസുകൾ മികച്ചു നിൽക്കുന്നു.



പരീക്ഷിച്ചും നിരീക്ഷിച്ചും പഠിക്കാൻ
വളർന്നുവരുന്ന സയൻസ് ലാബ്



പുസ്തകങ്ങളെ ചങ്ങാതിമാരാക്കി വായിച്ചു വളരാൻ
വിപുലമായ സ്കൂൾ, ക്ലാസ് ലൈബ്രറികൾ




കുട്ടികൾക്ക് ആരോഗ്യകരവും രുചികരവുമായ ഭക്ഷണം നൽകുവാൻ വൃത്തിയുള്ള വിപുലമായ സൗകര്യങ്ങളോടെ പുതിയ അടുക്കള.



ഒരു കുട്ടിക്ക് ഒരു കമ്പ്യൂട്ടറെന്ന നിലയിൽ
മികച്ച സൗകര്യങ്ങളോടുകൂടിയ കമ്പ്യൂട്ടർ ലാബ്



പഠനം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരാൻ അത്യാധുനിക
സൗകര്യങ്ങളോടു കൂടിയ സ്മാർട്ട്/ഹൈടെക് ക്ലാസ് റൂമുകൾ



## പഠനമികവിനായി

- പഠനത്തിന് AI സഹായം
- ഭാഷാ പഠനത്തിന് ലാങ്വേജ് ലാബ്
- ഗണിതം മധുരം പ്രൊജക്റ്റ്
- ഒന്നാം ക്ലാസ് ഒന്നാം തരം - വേറിട്ട പ്രവർത്തനങ്ങൾ
- പഠനയാത്രകൾ
- ഓരോ കുട്ടിക്കും വേണ്ട പ്രത്യേക കൈത്താങ്ങ് (എന്റെ കുട്ടി)
- സയൻസ് ഫെസ്റ്റ്
- സംയുക്ത ഡയറി
- പഠനോപകരണ നിർമ്മാണം

## വളരാം എഴുത്തിന്റെയും വായനയുടെയും കരുത്തിൽ

മാതൃഭാഷാ പഠനം പരിപോഷിപ്പിക്കുവാനും കുട്ടികളിൽ സർഗാത്മകത വളർത്തുവാനും വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

- എഴുത്തുകൂട്ടം
- വായനക്കൂട്ടം
- ഭാഷാ ക്ലബ്ബുകൾ
- വായനദിന പരിപാടികൾ
- സർഗാത്മക രചന
- വിദഗ്ധരുടെ ക്ലാസുകൾ
- ക്ലാസ് മാഗസിനുകൾ
- സ്വതന്ത്ര രചന
- പ്രോത്സാഹനം



വായനാ ദിനത്തോടനുബന്ധിച്ച്
രക്ഷിതാക്കൾക്കായി
നടത്തിയ വായനാമത്സരം

### ഉടൻ വരുന്നു

ഗ്രൗണ്ട് | വൈഫൈ സിസ്റ്റം
പ്രീ-പ്രൈമറി പാർക്ക് | ബാന്റ് സെറ്റ്
ടെക്നോളജി കോർണർ | സ്റ്റേജ്
ഊട്ടുപുര | സിസിടിവി
സിങ്കിൾ ആനൗൺസ്മെന്റ് സിസ്റ്റം | റോബോട്ടിക്സ്
എല്ലാ ക്ലാസിലും കുടിവെള്ളം | കൂടുതൽ കലാ പരിശീലനങ്ങൾ

വിവിധ ഭാഷകളുടെ പഠനം കുട്ടികളുടെ ഉയർച്ചയ്ക്കും ആത്മവിശ്വാസത്തിനും മാറ്റുകൂട്ടുന്നവയാണ്




**മലയാളം, ഇംഗ്ലീഷ്, സംസ്കൃതം, അറബി, ഉറുദു, ഹിന്ദി തുടങ്ങിയ ഭാഷാ ക്ലാസുകൾ**

## ജീവിതവിജയത്തിനായി

- അച്ചടക്കമുള്ള സ്കൂൾ അന്തരീക്ഷം
- സ്കൂൾ പാർലമെന്റ്
- ജൈവപച്ചക്കറി കൃഷി
- പ്രകൃതിപാഠം -
- ശുചിത്വാവബോധ പ്രവർത്തനങ്ങൾ
- കൈത്താങ്ങ്- കാരുണ്യപ്പെട്ടി
- ബാലകലോത്സവം
- വിവിധ ദിനപത്രങ്ങളുടെയും ആനുകാലികങ്ങളുടെയും ലഭ്യത
- പബ്ലിക് സ്പീക്കിങ്
- പൊതു ഇടങ്ങളുടെ സന്ദർശനം
- ക്ലബ്ബ് പ്രവർത്തനങ്ങൾ
- വിമർശനാത്മക ചിന്ത പരിപോഷിപ്പിക്കാൻ ഡിബേറ്റ് ക്ലബ്ബ്
- തൊഴിൽ പരിശീലനം
- കലാസാഹിത്യ പ്രവർത്തനങ്ങൾ







### ക്ലാസ്റൂം മികവുകളിലൂടെ



പഠനോപകരണ ശില്പശാല



ഇലച്ചിത്രം



ശാസ്ത്രമേള



പതാക നിർമ്മാണം



കരകൗശല നിർമാണം



വ്യത്യസ്തമാർന്ന പഠന പ്രവർത്തനങ്ങൾ



വിവിധ രാജ്യങ്ങളുടെ കറൻസി/നാണയപ്രദർശനം



പഠനോപകരണ നിർമ്മാണം



ഒരു വർഷം നീണ്ടുനിന്ന വിപുലമായ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപനം ജില്ലാ പഞ്ചായത്തംഗം ശ്രീ ജലീൻ ആദൂർ നിർവ്വഹിച്ചു



പ്ലാറ്റിനം ജൂബിലി ആഘോഷത്തിന്റെ സമാപനത്തോടനുബന്ധിച്ചു നടന്ന പൂർവ്വ അധ്യാപക-വിദ്യാർത്ഥി സംഗമം



2024-25 വർഷത്തെ ഒന്നാം ക്ലാസ് പ്രവേശനോത്സവം-



2024-25 വർഷത്തെ പ്രീപ്രൈമറി പ്രവേശനോത്സവം-



വടക്കാഞ്ചേരി സബ്ജില്ലാ ശാസ്ത്ര-കലാമേളയിലെ വിജയാഘോഷം എം.പി. ശ്രീ കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു




തൃശ്ശൂർ ജില്ലയിലെ മികച്ച ഹരിത വിദ്യാലയത്തിനുള്ള മാതൃഭൂമി-സീഡ് ഹരിതജ്യോതി പുരസ്കാരം അഞ്ചാം തവണയും ജ്ഞാനോദയം സ്കൂളിന്






വടക്കാഞ്ചേരി സബ്ജില്ലയിലെ കലോത്സവത്തിൽ യുപി ഓവറോൾ ഒന്നാം സ്ഥാനവും, യുപി സംസ്കൃതം ഓവറോൾ ഒന്നാം സ്ഥാനവും, എൽപി അറബിക് ഒന്നാം സ്ഥാനവും, എൽ പി ഓവറോൾ നാലാം സ്ഥാനവും; ശാസ്ത്രമേളയിൽ യുപി ഓവറോൾ മൂന്നാം സ്ഥാനവും നേടി സബ്ജില്ലയിൽ തന്നെ ഏറ്റവും മികച്ച പ്രകടനം

സ്കാൻ ചെയ്യൂ ഞൊടിയിടയിൽ ജ്ഞാനോദയം സ്കൂളിൽ സന്ദർശിക്കൂ ഒന്നു

# ഈ അധ്യയന വർഷത്തിലെ തിളക്കമാർന്ന പ്രവർത്തനങ്ങൾ

..........ഞങ്ങളുടെ വിദ്യാലയത്തിൽ..........



ഒന്നാം ക്ലാസിലെ കുട്ടികളുടെ സർഗാത്മക
രചന പ്രോത്സാഹിപ്പിക്കുന്നതിനുള്ള
സംയുക്ത ഡയറി 100 ദിവസം പൂർത്തിയായപ്പോൾ




പ്ലാസ്റ്റിക് ഒഴിവാക്കാം
ഹരിത വിദ്യാലയം ഉയർത്താം.
ഹരിത കർമ്മ സേനയുടെയും എരുമപ്പെട്ടി
ഗ്രാമപഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ
പ്ലാസ്റ്റിക് രഹിത മാലിന്യ രഹിത സ്കൂൾ
എന്ന സങ്കല്പത്തിലേക്ക്
ഉയർത്തുവാനായി വിവിധ
പ്രവർത്തനങ്ങൾ നടത്തിവരുന്നു.



കുട്ടികൾക്കുള്ള കൗൺസിലിങ്ങും
കൈത്താങ്ങും



ബഡ്ഡിങ് റൈറ്റേഴ്സ് കുട്ടികളിലെ
സർഗാത്മക എഴുത്തിനെ
പ്രോത്സാഹിപ്പിക്കാനുള്ള
സ്കൂൾതല പ്രവർത്തനങ്ങൾ



കുട്ടികളിലെ കലയെ പ്രോത്സാഹിപ്പിക്കാൻ
വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ



പ്ലാസ്റ്റിക് വിമുക്ത വിദ്യാലയത്തിനായുള്ള
കുട്ടികളുടെ പ്രചരണം



സമൂഹത്തിൽ പിന്നോക്കം നിൽക്കുന്നവരും
അവശത അനുഭവിക്കുന്നവരുമായ ആളുകളെ
സഹായിക്കാനുള്ള മനോഭാവം
വളർത്തിയെടുക്കാൻ കാരുണ്യപ്പെട്ടി
പദ്ധതി നടത്തിവരുന്നു . ഈ വർഷം
രണ്ടു പേർക്ക് ഈ സഹായം
എത്തിക്കാൻ സാധിച്ചു.



വായന പ്രോത്സാഹിപ്പിക്കുവാനും
സാമൂഹിക പ്രതിബദ്ധതയോടെ വളരുവാനും
സഹായകമായ വെളിച്ചം പദ്ധതിയുടെ ഭാഗമായി
വിവിധ പത്രങ്ങൾ കുട്ടികളുടെ
ക്ലാസുകളിലേക്ക് നൽകിവരുന്നു.



കുട്ടികളുടെ സമഗ്രവികസനത്തിനായി
വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം നടന്നുവരുന്നു.



വിവിധ കായിക മത്സരങ്ങൾ



എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് സംഘടിപ്പിച്ച
ഞാറ്റുവേലച്ചന്തയിൽ നമ്മുടെ കുട്ടികൾ



കൈത്തൊഴിലുകളുടെ
പരിശീലനം



വിത്തുപന്തേറ്



കുട്ടികളിൽ കാർഷിക മനോഭാവം
വളർത്തിയെടുക്കാനായി
ആറു വർഷമായിത്തുടരുന്ന
ജൈവ പച്ചക്കറികൃഷി



പ്രവർത്തനാധിഷ്ഠിത
പഠനം നടക്കുന്ന ക്ലാസ് മുറികൾ

## വ്യത്യസ്തതയുടെ വാനിലുയർന്ന്



ക്രാഫ്റ്റ്, കരാട്ടെ, നൃത്തം, യോഗ തുടങ്ങിയ പ്രത്യേക പരിശീലനങ്ങൾ



ജനാധിപത്യ പ്രക്രിയയെക്കുറിച്ച് അടുത്തറിയുവാൻ പാർലമെന്റ് തിരഞ്ഞെടുപ്പ് രീതിയിൽ നടത്തിയ സ്കൂൾ തിരഞ്ഞെടുപ്പ്. വിദ്യാർത്ഥികൾ ആവേശത്തോടെ വോട്ടുകൾ രേഖപ്പെടുത്തി.



പിറന്നാൾ സന്തോഷം എല്ലാവർക്കും. പിറന്നാളിന് എന്റെ വക എന്ന പദ്ധതിയുടെ ഭാഗമായി സ്കൂൾ ഉച്ച ഭക്ഷണത്തിലേക്ക് കുട്ടികൾ പച്ചക്കറികൾ നൽകി വരുന്നു.




ഓരോ കുട്ടിയിലെയും കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ Kids Fest-ബാലകലോത്സവം



പൊതുവിജ്ഞാന പഠനത്തെ പ്രോത്സാഹിപ്പിക്കുന്ന നിരവധി ക്വിസ് മത്സരങ്ങൾ



സ്കൂളിന്റെയും കുട്ടികളുടേയും പുരോഗതിക്കായി രക്ഷിതാക്കളുമായി നിരന്തര ബന്ധം നിലനിർത്തുന്നു



ഒരു വർഷത്തെ പഠനമികവിന്റെ പ്രദർശനം - പഠനോത്സവം






രക്ഷിതാക്കൾക്കും കുട്ടികൾക്കുമായി വിവിധ ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു. വ്യക്തിത്വവികാസം ആരോഗ്യം ശുചിത്വം, കമ്മ്യൂണിറ്റി കൗൺസിലറിന്റെ നേതൃത്വത്തിലുള്ള അഡോളസന്റ് ക്ലാസ്, പേപ്പട്ടി വിഷബാധയ്ക്കെതിരെ ഉള്ള ബോധവൽക്കരണം, ലഹരി വിരുദ്ധ മനോഭാവം എന്നിവ ഇതിൽ ഉൾപ്പെടുന്നു

......രാജ്യത്തെ അറിയാം ഒന്നായ് വളരാം......


സ്വാതന്ത്ര്യ ദിനാഘോഷം


ഗാന്ധിജയന്തി ദിനാചരണം


റിപ്പബ്ലിക് ദിനാചരണം


രക്തസാക്ഷിദിനം


പരിസ്ഥിതി ദിനാചരണം


ലഹരി വിരുദ്ധ ദിനാചരണം


ചാന്ദ്ര ദിനാചരണം


യുദ്ധവിരുദ്ധ ദിനാചരണം


വയോജന ദിനം


കേരളപ്പിറവി ദിനാചരണം


വായനദിനം



വിവിധ ഭാഷാ ദിനാചരണങ്ങൾ-
(അറബിക്, സംസ്കൃതം, ഉറുദു)

## തുടങ്ങി മുപ്പതോളം ദിനാചരണങ്ങൾ

ഫ്ലാഷ് മോബ്, സ്കിറ്റുകൾ, ഡോക്യുമെന്ററി പ്രദർശനം, റാലി, പ്രസംഗ മത്സരം, ചിത്രരചന, ക്വിസ് മത്സരം, പ്ലക്കാർഡ് നിർമ്മാണം, സർഗാത്മക രചനാ മത്സരങ്ങൾ തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ ഓരോ ദിനാചരണത്തിന്റെയും ഭാഗമാണ്.

## ഒരുമയുടെ ആഘോഷങ്ങൾ













വിനോദയാത്ര-പഠനയാത്ര: സിൽവർസ്റ്റോം, കേരള കലാമണ്ഡലം എന്നിവിടങ്ങളിലേക്ക്



തന്മയ എ
യുഎസ്എസിന് 80% അധികം മാർക്ക് നേടി
ഗിഫ്റ്റഡ് ചിൽഡ്രൺ കാറ്റഗറിയിൽ ഇടം നേടി



ശ്ലോക ജെ. പ്രകാശ്
സ്വദേശ് മെഗാ ക്വിസ്
സബ് ജില്ല- ഒന്നാം സ്ഥാനം;
ഗാന്ധിദർശൻ ക്വിസ്-
സബ്ജില്ല ഒന്നാം സ്ഥാനം



അതുല്ല്യ വി ആർ
മാതൃഭൂമി സീഡ്-
ഇലച്ചിത്രമത്സരം :
മൂന്നാം സ്ഥാനം



ദിൽന പിഎഫ്
ഉർദു ക്വിസ് ജില്ല - എ ഗ്രേഡ്



സുഗമ ഹിന്ദി വിജയികൾ



നെഹല
അറബിക് ടാലന്റ് ടെസ്റ്റ് വിജയി



ഫൈറൂസ
അറബിക് ടാലന്റ് ടെസ്റ്റ് വിജയി



ആദികൃഷ്ണ പി എസ്
സിദ്ധരൂപം - ജില്ല -എ ഗ്രേഡ്



കുഞ്ഞുണ്ണിമാസ്റ്റർ അവാർഡ്
വിജയികൾ



പഠനമികവിലൂടെ - ടേം പരീക്ഷാ മെഡൽ വിജയികൾ

--------------സ്നേഹസമ്മാനം--------------



സ്കൂളിലേക്ക് ഹെഡ്മിസ്ട്രസ് ലാലി ടീച്ചർ
നിലവിളക്ക് നൽകിയപ്പോൾ



സ്കൂൾ വികസന ഫണ്ടിലേക്ക്
പൂർവ്വ വിദ്യാർത്ഥികൾ Rs `10,000 നൽകിയപ്പോൾ (1974-75 ബാച്ച്)

# കപ്പടിച്ചേ....
# കപ്പടിച്ചേ.....!



ഓരോ കുട്ടിയുടെ ഉള്ളിലെയും സർഗാത്മക കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാൻ ജ്ഞാനോദയം യു.പി സ്കൂളെന്നും മുന്നിലാണ്. അതിന്റെ തെളിവാണ് വിവിധ മത്സരങ്ങളിൽ നമ്മുടെ സ്കൂൾ നേടിയെടുത്ത വിജയങ്ങൾ. സബ്ജില്ലാ കലോത്സവത്തിനും ശാസ്ത്രമേളക്കും 73-ഓളം സ്കൂളുകളെ പിന്നിലാക്കിക്കൊണ്ട് നമ്മുടെ സ്കൂൾ ഒന്നാം സ്ഥാനത്തെത്തി.





യു പി ഓവറോൾ (സംസ്കൃതം) ഒന്നാം സ്ഥാനം



എൽ പി ഓവറോൾ (അറബിക്) ഒന്നാം സ്ഥാനം



യു പി ഓവറോൾ (ജനറൽ) ഒന്നാം സ്ഥാനം




ശാസ്ത്രമേള യുപി ഓവറോൾ മൂന്നാം സ്ഥാനം



എൽ പി ഓവറോൾ നാലാം സ്ഥാനം

**എൽ.പി ജനറൽ**
A grade- 11
B grade- 2

**യു.പി ജനറൽ**
A grade -14
B grade-2

**എൽ.പി അറബിക്**
A grade - 9

**യു.പി സംസ്കൃതം**
A grade- 18

ശാസ്ത്രമേള,
സാമൂഹ്യശാസ്ത്രമേള,
ഗണിതമേള,
പ്രവൃത്തിപരിചയമേള,
ഐടി മേള,
എന്നിവയിൽ
മികച്ച പ്രകടനം


## എരുമപ്പെട്ടി പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് ലി. നമ്പർ. 206

മങ്ങാട് പി.ഒ, കോട്ടപ്പുറം, ഫോൺ : 04885 262224, 7594806224
epscb206@gmail.com
ബ്രാഞ്ചുകൾ : എരുമപ്പെട്ടി, ഫോൺ : 0886 265 788, കാഞ്ഞിരക്കോട്, ഫോൺ : 04884 236 373

- നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ
- മുതിർന്ന പൗരന്മാർക്ക് 0.5 % അധിക പലിശ
- ലളിതമായ വ്യവസ്ഥയിൽ വിവിധ വായ്പ പദ്ധതികൾ
- കർഷകർക്ക് പലിശ രഹിത വായ്പ
- വസ്തുപണയ വായ്പ 25 ലക്ഷം രൂപ വരെ
- ഗോൾഡ് ലോൺ 25 ലക്ഷം രൂപ വരെ
- ഉദ്യോഗസ്ഥ ജാമ്യത്തിൽ 5 ലക്ഷം രൂപ വരെ
- കുടുംബശ്രീ വായ്പകൾ (ഭവന നിർമ്മാണ വായ്പ 25 ലക്ഷം രൂപ വരെ)
- വിവിധ തരം എം.ഡി.എസ് പദ്ധതികൾ
- ബ്രാഞ്ചുകളിൽ ലോക്കർ സൗകര്യം

**62**
വർഷത്തെ സേവന പാരമ്പര്യം ഓഹരി ഉടമകൾക്ക് ലാഭ വിഹിതം നൽകി വരുന്നു

സർക്കാർ അംഗീകൃത
**നീതി**
മെഡിക്കൽ സ്റ്റോർ
ഫോൺ : 04885 267788

കൃഷ്ണൻകുട്ടി യു.എസ്
പ്രസിഡന്റ്

എം.എസ് സിദ്ധൻ
സെക്രട്ടറി ഇൻ ചാർജ്ജ്

**ജ്ഞാനോദയം യുപി സ്കൂളിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ച തങ്ങളുടെ ഔദ്യോഗിക ജീവിതത്തോട് വിടപറയുന്ന പ്രിയപ്പെട്ട ടീച്ചർമാർക്ക് യാത്രാമംഗളങ്ങൾ നേർന്നു കൊള്ളുന്നു**



ലാലി പിപി (ഹെഡ്മിസ്ട്രസ്)



ലിൻസി കെ എ
(എൽ പി എസ് എ)

വിദ്യാലയത്തിന്റെ വേരുകൾ സമൂഹത്തിൽ ആഴ്ന്നിറങ്ങുമ്പോഴാണ്
സാമൂഹിക പ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നത്.
ജ്ഞാനവും അനുഭവങ്ങളും പൂരകമാക്കിക്കൊണ്ട്, അറിവിന്റെ
പ്രയോഗത്തിനും ആരോഗ്യകരമായ മനോഭാവ രൂപീകരണത്തിനും,
ഉത്തേജകമാവുന്ന വൈവിധ്യ മാർന്ന വിദ്യാലയാനുഭവങ്ങളും
ഇവിടെ യാഥാർത്ഥ്യമാകുന്നു. അക്കാദമിക മികവിന്റെ പരമോന്നതി
പാഠ്യ-സഹപാഠ്യ പ്രവർത്തനങ്ങളുടെ വിളക്കി ചേർക്കലിലൂടെ മാത്രമേ സാധ്യമാകൂ
എന്ന് വിശ്വസിച്ചുകൊണ്ട് അറിവിൽ നിന്നും തിരിച്ചറിവിലേക്ക്
കാഴ്ചയിൽ നിന്ന് ഉൾക്കാഴ്ചയിലേക്ക് ഞങ്ങൾ പ്രയാണം തുടരുന്നു
ഇനിയും കുരുന്നുകളുടെ കാലൊച്ചകൾക്കായി കാതോർത്തു കൊണ്ട്
ജ്ഞാനോദയം യുപി സ്കൂൾ മുന്നോട്ട്...

## എൻഡോവ്മെന്റ് സ്പോൺസർ ചെയ്യുന്നവർ


ശ്രീമതി. കല്യാണിക്കുട്ടിയമ്മ ടീച്ചർ
ശ്രീമതി. ഉഷ ടീച്ചർ
ശ്രീമതി. സുഷമ ടീച്ചർ
ശ്രീമതി. രതി ടീച്ചർ
ശ്രീമതി. സുഹറ ടീച്ചർ
ശ്രീമതി. പുഷ്പജ ടീച്ചർ
ശ്രീമതി. ഗീത ടീച്ചർ
ശ്രീമതി. സി.സി ലൂസി ടീച്ചർ
ശ്രീ. മുരളി മാസ്റ്റർ
ശ്രീമതി. ശകുന്തള ടീച്ചർ
ശ്രീമതി. ലാലി ടീച്ചർ
ശ്രീമതി. ലിൻസി ടീച്ചർ
ശ്രീ. രഞ്ജിത്ത് .ഇ
(ഹരിത മെമ്മോറിയൽ
വിദ്യാഭ്യാസ പുരസ്കാരം)



ശ്രീമതി ലാലി പിപി
ഹെഡ്മിസ്ട്രസ്



ശ്രീ എസ് ബസന്ത്‌ലാൽ
മാനേജർ



ശ്രീ കെ കെ ജേക്കബ്
പിടിഎ പ്രസിഡന്റ്



നിഷ ഗംഗാധരൻ
മദർ പിടിഎ പ്രസിഡന്റ്



റെന ഫാത്തിമ
സ്കൂൾ ലീഡർ







**എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്**
**വനിതാ സഹകരണസംഘം ക്ലിപ്തം**

നമ്പർ ആർ 1301, ചിറ്റണ്ട പി. ഒ. തൃശ്ശൂർ
ഫോൺ:8330805793
email:erumapettyvanithass@gmail.com

- നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ
- ഡെപ്പോസിറ്റുകൾക്ക് ഇൻഷുറൻസ് പരിരക്ഷ
- മാസം തോറും ആരംഭിക്കുന്ന പ്രതിമാസ നിക്ഷേപ പദ്ധതി
- മിതമായ നിരക്കിൽ ഗുണമേന്മയുള്ള എല്ലാത്തരം വസ്ത്രങ്ങൾക്കായി ചിറ്റണ്ട സ്കൂളിന് സമീപം കൈരളി ഫാബ്രിക്സ്
- ലളിതമായ വ്യവസ്ഥയിൽ വനിതകൾക്ക് വിവിധ തരം വായ്പകൾ
- സ്വർണ പണയ വായ്പ കുറഞ്ഞ പലിശ നിരക്കിൽ നൽകുന്നു (സ്വർണ പണയങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ)

| | | |
|---|---|---|
| ധന്യ സതീഷ് കുമാർ | ദിവ്യ സജി | ജിജി വി പി |
| പ്രസിഡന്റ് | വൈസ് പ്രസിഡന്റ് | സെക്രട്ടറി |
| 6282632098 | 9188487243 | 9495633017 |







